## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3495** — **30.01.2014**-ൽ മറുപടിക്ക്

### 'എൻഡോസൾഫാൻ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതി'

**ചോദ്യം**

ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

(എ) എൻഡോസൾഫാൻ കീടനാശിനിക്കെതിരെ സമരം നടത്തിയവർക്കെതിരെ എൻഡോസൾഫാൻ കമ്പനി പ്രധാനമന്ത്രിക്ക് നൽകിയ പരാതിയുടെ തുടർനടപടിയായി കേന്ദ്ര ആരോഗ്യവകുപ്പ് അണ്ടർ സെക്രട്ടറി കാസർഗോഡ് ജില്ലാ കളക്ടറോടും ജില്ലാ മെഡിക്കൽ ഓഫീസറോടും റിപ്പോർട്ട് ആവശ്യപ്പെട്ട വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കേന്ദ്ര ആരോഗ്യവകുപ്പിന് റിപ്പോർട്ട് തയ്യാറാക്കി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ മേൽ വിഷയത്തിന്മേൽ എന്ത് മറുപടിയാണ് കേന്ദ്ര സർക്കാരിന് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**മറുപടി**

ശ്രീ.ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

(എ), (ബി), (സി) എൻഡോസൾഫാൻ കീടനാശിനിക്കെതിരെ സമരം നടത്തിയവർ ദേശവിരുദ്ധ ശക്തികളും ക്രിമിനലുകളുമാണോ എന്ന് അന്വേഷിക്കാൻ പ്രധാനമന്ത്രി സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടില്ല. എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസ്സോസിയേഷൻ മുൻ സെക്രട്ടറി ഡോ.എം.മുരളീധരൻ എന്നവരെ ഉദ്ധരിച്ച് ശ്രീ. രാജു ഷെറോഫ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് സമർപ്പിച്ച പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ബഹു. ചീഫ് സെക്രട്ടറിക്ക് നൽകുകയും. പ്രസ്തുത പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാസർഗോഡ് ജില്ലാ കളക്ടർക്കും ജില്ലാ മെഡിക്കൽ ഓഫീസർക്കും (ആരോഗ്യം) അയക്കുകയും ചെയ്തിരുന്നു. ബന്ധപ്പെട്ട പരാതി സംബന്ധിച്ച് അഭിപ്രായം അറിയിക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)ക്കും. ഡോ.മുരളീധരനും കത്ത് നൽകിയിട്ടുണ്ട് എന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ലഭ്യമാക്കിയ റിപ്പോർട്ടിൽ താഴെ പറയും പ്രകാരം അറിയിച്ചിരിക്കുന്നു.

"സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നായി നിയമിക്കപ്പെടുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ പങ്കെടുപ്പിച്ചു കൊണ്ട് സംഘടിപ്പിക്കുന്ന മെഡിക്കൽ

ക്യാമ്പുകളില്ലു ടെയാണ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്. പ്രസ്തുത പ്രവർത്തനം കാര്യക്ഷമമായും സുഗമമായും നടപ്പിലാക്കുന്ന തിനായി മൂന്ന് ഘട്ടങ്ങളിലായുള്ള പരിശോധന സംവിധാന ങ്ങൾ ഇക്കാര്യത്തിനായി ഏർപ്പെടുത്തി യിട്ടുണ്ട്.

ഘട്ടം (1) എൻഡോസൾഫാൻ ദുരിതബാധിതൻ/ ബാധിതയാണെന്ന് സ്വയം സംശയിക്കപ്പെടുന്ന ആർക്കും തന്നെ പ്രാഥമിക പരിശോധനയ്ക്കായി അടുത്തുള്ള പ്രാഥമികാ രോഗ്യ കേന്ദ്രം/ സാമൂഹികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറെ സമീപിക്കാവുന്ന താണ്. പ്രാഥമിക പരിശോധന യുടെ അടിസ്ഥാനത്തിൽ രോഗിയെ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ടെങ്കിൽ ഇതിനായുള്ള റിപ്പോർട്ട് നിർദ്ദിഷ്ട പ്രൊഫോർമയിൽ ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) അയച്ചുകൊടുക്കുന്നു.

ഘട്ടം (2) ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ഒരു മെഡിക്കൽ ടീം ജില്ലാ തലത്തിൽ ലഭ്യമായ റിപ്പോർട്ടുകളിന്മേൽ സൂക്ഷ്മ പരിശോധന നടത്തുകയും മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ട അർഹരായവ രുടെ പട്ടിക സ്പെഷ്യാലിറ്റി അടിസ്ഥാനത്തിൽ തയ്യാറാക്കുകയും ചെയ്യുന്നു. (11 സ്പെഷ്യാലിറ്റികൾ)

ഘട്ടം (3) സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ സ്ലിപ്പുകൾ രോഗികൾക്ക് മുൻകൂട്ടി വിതരണം ചെയ്യുകയും അതുപ്രകാരം ക്യാമ്പിൽ പങ്കെടുപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളിൽ നിന്നുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരാണ് ക്യാമ്പുകളിൽ വെച്ച് രോഗികളെ പരിശോധിക്കുന്നത്. മെഡിക്കൽ ക്യാമ്പിൽ നിന്നുള്ള പരിശോധന റിപ്പോർട്ടിന്റെയും തുടർന്നുള്ള ഫീൽഡ് തല അന്വേഷണ റിപ്പോർട്ടുകളുടെയും അടിസ്ഥാന ത്തിലാണ് എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടിക തയ്യാറാക്കുന്നത്.

ഒരു രോഗി എൻഡോസൾഫാൻ ദുരിതബാധിതൻ/ബാധിത ആണോ എന്ന് നിർണ്ണയിക്കുന്ന കാര്യത്തിൽ മെഡിക്കൽ കോളേജിലെ വിദഗ്ദ ഡോക്ടർമാരല്ലാതെ

മറ്റാർക്കും തന്നെ നിർണ്ണായകമായ പങ്ക് വഹിക്കാനില്ല.

കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടിക തയ്യാറാക്കുന്ന പ്രവർത്തനവുമായി ബന്ധപ്പെട്ട് ജില്ലയിലെ ഡോക്ടറുടെ ഭാഗത്തുനിന്നും പരാതി ഒന്നും ലഭിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**